**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 372** **23-08-2022 - ൽ മറുപടിയ്ക്ക്**

**തൃപ്രങ്ങോട് പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിനു കീഴിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിനു കീഴിലുള്ള നാല്പത്തിനാല് സെന്റ് ഭൂമി ലൈഫ് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് വിട്ടുകിട്ടുന്നതിനായി ഏതെങ്കിലും അപേക്ഷ ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ? | (എ) | മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സർവ്വേ നം. 48/7 ബി/47/17-ൽപ്പെട്ട നാൽപത്തിനാല് സെന്റ് ഭൂമി ലൈഫ് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് വിട്ടുകിട്ടുന്നതിനായി ലൈഫ് മിഷൻ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ടി ഭൂമി കൈമാറി കിട്ടുന്നതിനും, ലൈഫ് പാർപ്പിട സമുച്ചയ നിർമ്മാണത്തിന്റെ അനുമതിക്കുമായി പഞ്ചായത്ത് ഡയറക്ടർക്ക് അനുയോജ്യത സാക്ഷ്യപത്രം സഹിതം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ